പ്രതികളെ ഉടനെ തന്നെ അറസ്റ്റു ചെയ്യും, നടപടി സ്വീകരിക്കുമെന്നാണ്. അങ്ങനെ പറഞ്ഞുവെങ്കിലും ഇതുവരെ ഒരു വിവരവും പുറത്തുവന്നില്ല. എന്നു മാത്രമല്ല, പിന്നീട് അന്വേഷണ ഉദ്യോഗസ്ഥരെ ആ സ്ഥലത്തുനിന്നും മാറ്റി. ഇപ്പോൾ ഒരു അന്വേഷണവും നടക്കുന്നില്ല. ഈ കേസുമായി ബന്ധപ്പെട്ടവർ ഗവൺമെന്റിന് വേണ്ടപ്പെട്ട ആളുകളാണ്. അതുകൊണ്ടാണോ ഒരു പക്ഷേ അന്വേഷണ റിപ്പോർട്ട് പുറത്തുവരാത്തത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വളരെ അടിയന്തിരമായി ഈ കേസ് അന്വേഷിച്ച് ഒന്നുകിൽ അതിന്റെ സത്യം പുറത്തു കൊണ്ടുവരണം. അല്ലെങ്കിൽ ഈ കേസ് ഒരു സ്പെഷ്യൽ ടീമിനെ ഏൽപ്പിച്ച് ഇതിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരാനും പ്രതികളെ കസ്റ്റഡിയിലെടുത്ത് ശിക്ഷണ നടപടി സ്വീകരിക്കാനും ആവശ്യമായിട്ടുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ബേപ്പൂർ ഫിഷിംഗ് ഹാർബറിനടുത്ത് 2005 സെപ്റ്റംബർ മാസം 17-ാം തീയതി വെളുപ്പിന് സ്ഫോടനമുണ്ടായി. സ്ഫോടനത്തിന്റെ ഫലമായി ഒരു ഫിഷിംഗ് ബോട്ട് പാടേ തകരുകയും അതിനടുത്തുണ്ടായിരുന്ന മറ്റൊരു ബോട്ടിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഈ കാര്യത്തിൽ ക്രൈം 2005/96-ാം നമ്പറായി ബേപ്പൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ഫോറൻസിക് വിദഗ്ധർ, വിരലടയാള വിദഗ്ധർ എന്നിവർ സ്ഥലം സന്ദർശിച്ച് വിവരം ശേഖരിക്കുകയും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തു. ചെറുവണ്ണൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലായിരുന്നു ആദ്യം കേസന്വേഷണം നടത്തിയത്. തുടർന്ന് വിശദമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തി. പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാല് ഡിവൈ.എസ്.പി.-മാർ, നാല് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ, ഒരു എ.എസ്.ഐ., 25 മറ്റു പോലീസ് ഉദ്യോഗസ്ഥൻമാർ എന്നിവരടങ്ങുന്ന വിപുലമായ ഒരു ടീമിനെ ഉപയോഗിച്ച് ക്രൈംബ്രാഞ്ച് കേസന്വേഷണം ആരംഭിച്ചു. നാളിതുവരെ 325 സാക്ഷികളെ ചോദ്യം ചെയ്ത് തെളിവെടുക്കുകയും മറ്റ് അന്വേഷണങ്ങൾ നടത്തുകയും ചെയ്തുവെങ്കിലും പ്രതികളെ സംബന്ധിച്ച് വ്യക്തമായ സൂചനകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്രയുംവേഗം പ്രതികളെ കണ്ടെത്താനുള്ള ഊർജ്ജിതമായ അന്വേഷണം ഗവൺമെന്റ് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇനി തുടർന്നും ആത്മാർത്ഥമായ പരിശ്രമം നടത്തി, ആവശ്യമായ നടപടികൾ സ്വീകരിച്ച്, അന്വേഷണം ഊർജ്ജിതമായിത്തന്നെ തുടരും.

(12) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. തമ്പാനൂർ രവി: സർ, കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്ക്കരണ കാലാവധി 28-2-2002-നാണ് അവസാനിച്ചത്. നാല് വർഷം കഴിഞ്ഞു, സമാന സ്ഥാപനമാണ് ഇലക്ട്രിസിറ്റി ബോർഡ്. അവിടെ 2003 ജൂലൈ 31-ന് കാലാവധി അവസാനിച്ചു, അവിടെ ചർച്ച ആരംഭിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

ഇടക്കാലാശ്വാസം കൊടുക്കാൻ പോകുകയാണ്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലും ചർച്ച തുടങ്ങി, ഇടക്കാലാശ്വാസം അനുവദിച്ചു. ഗവൺമെന്റ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കാലാവധി കഴിഞ്ഞത് 2002 മാർച്ച് ഒന്നിനാണ്. അവർക്ക് ശമ്പളപരിഷ്ക്കരണം ഈ മാർച്ച് ഒന്നാം തീയതി കൊടുക്കും എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. അതുപോലെതന്നെ വാട്ടർ അതോറിറ്റിയിൽ 2002-ൽ ശമ്പള പരിഷ്ക്കരണ കാലാവധി കഴിഞ്ഞു. അവിടെ ശമ്പള പരിഷ്ക്കരണ കമ്മിറ്റി വച്ചു. അത് പ്രോസ്സസ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഇടക്കാലാശ്വാസം കൊടുത്തുകഴിഞ്ഞു. കേരളത്തിലെ ഏറ്റവും വലിയ പബ്ലിക് സെക്ടർ, പബ്ലിക് യൂട്ടിലിറ്റി സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിൽ മാത്രം ഈ നാല് വർഷമായി മഴ കാക്കുന്ന വേഴാമ്പലിനെപ്പോലെ ജീവനക്കാർ ശമ്പള പരിഷ്കരണത്തിനായി കാത്തിരിക്കുകയാണ്. ഡി.എ.-യുടെ കാര്യത്തെ സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി ഇന്ന് രാവിലെ പ്രതിപക്ഷ നേതാവിന് മറുപടി കൊടുത്തു. ശരിയാണ്, അങ്ങ് വന്നതിനുശേഷം 13 ശതമാനം ഡി.എ. നൽകി. എന്നാൽ 13 ശതമാനം നൽകിയിട്ടും ഇവിടത്തെ ഡി.എ. ഇപ്പോഴും 45 ശതമാനത്തിൽ നിൽക്കുകയാണ്. കാരണം, ഗവൺമെന്റ് ജീവനക്കാർക്ക് 64 ശതമാനമാണ്, ഇലക്ട്രിസിറ്റി ബോർഡിന് 64 ശതമാനം, വാട്ടർ അതോറിറ്റിക്ക് 64 ശതമാനം. ഇപ്പോൾ അങ്ങ് 13 ശതമാനം നൽകിയിട്ടും ട്രാൻസ്പോർട്ടിൽ ഇനിയും 10 ശതമാനം ഡി.എ. കുടിശ്ശികയാണ്. ആ സാഹചര്യത്തിൽ നാല് വർഷമായി നിലച്ചുപോയിരുന്ന ട്രാൻസ്പോർട്ട് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അടിയന്തിരമായി നടപ്പിലാക്കണം. സാമൂഹിക ബാദ്ധ്യതയ്ക്കുവേണ്ടി, പെൻഷൻ കൊടുക്കാൻവേണ്ടി പ്രതിവർഷം 165 കോടി രൂപ കെ.എസ്.ആർ.ടി.സി. നഷ്ടം സഹിക്കുകയാണ്. ഞാൻ ഇത് ബഡ്ജറ്റ് ചർച്ചയിൽ പറഞ്ഞു. ഗവൺമെന്റ് ഇടപെട്ട് ഒരു ഒൺ ടൈം സഹായം കെ.എസ്.ആർ.ടി.സി.-ക്ക് നൽകി ഈ പ്രശ്നം പരിഹരിക്കണം. അല്ലാതെ സാമ്പത്തിക ലാഭം ഉണ്ടായതിനുശേഷം മാത്രം ഇവിടെ ശമ്പള പരിഷ്ക്കരണം കൊടുക്കാം എന്നുപറഞ്ഞാൽ അത് സാദ്ധ്യമല്ല. ഇത് പബ്ലിക് സെക്ടർ, പബ്ലിക് യൂട്ടിലിറ്റി സ്ഥാപനമാണ്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ചർച്ച ഉടൻ ആരംഭിക്കണം, ഡി.എ. കുടിശ്ശിക ഉടൻ നൽകണം. അതിനുള്ള അടിയന്തിര നടപടി ആരംഭിക്കണം. ഈ വകുപ്പ് നന്നായികൊണ്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ബഹുമാനപ്പെട്ട തമ്പാനൂർ രവി എം.എൽ.എ. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്ക്കരണത്തിന്റെ കാലാവധി 2002 ഫെബ്രുവരി 28-ന് അവസാനിച്ചു. ഇപ്പോൾ ഏതാണ്ട് നാലു വർഷമായി. ഇതിനകം തന്നെ ചർച്ച ആരംഭിക്കേണ്ടതായിരുന്നു. അത് എന്തുകൊണ്ട് ആരംഭിക്കാൻ കഴിഞ്ഞില്ല എന്നുപറഞ്ഞാൽ, ഇപ്പോഴത്തെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ട്രാൻസ്പോർട്ട് ജീവനക്കാർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത്. അന്ന് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചപ്പോൾ ആ പെൻഷൻ ഗവൺമെന്റ് കൊടുക്കണം എന്ന് തീരുമാനിക്കേണ്ടതായിരുന്നു. ഇൻഡ്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കോർപ്പറേഷൻ പെൻഷൻ കൊടുക്കുന്ന ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും കോർപ്പറേഷൻ പെൻഷൻ കൊടുക്കുന്നില്ല. അന്ന് അങ്ങ് തീരുമാനിച്ചപ്പോൾ ആ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തിരുന്നുവെങ്കിൽ ഇന്ന് ഏറ്റവും നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനം കെ.എസ്.ആർ.ടി.സി. ആകുമായിരുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടേതല്ലാത്ത തെറ്റ് കൊണ്ടാണ് ഇന്ന് കെ.എസ്.ആർ.ടി.സി. ഈ സ്ഥിതിയിൽ മുന്നോട്ടുപോകുന്നത്. ഏതാണ്ട് 115 കോടി രൂപയാണ് ഒരു വർഷം പെൻഷനുവേണ്ടി ചെലവാകുന്നത്. ഇതിനുപുറമേ ഏതാണ്ട് 60 കോടി രൂപയുടെ മറ്റു ബാദ്ധ്യതയുമുണ്ട്. വികലാംഗർ, അന്ധർ, ബധിരർ, മൂകർ, സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതർ എന്നിവർക്കെല്ലാം സൗജന്യ യാത്ര കൊടുക്കുന്നു. ഇതിനുപുറമേ വിദ്യാർത്ഥികൾക്ക് കൺസഷൻ കൊടുക്കുന്നു. നിലവിലുള്ളതിന്റെ 25 ശതമാനമാണ് വിദ്യാർത്ഥികളുടെ ചാർജ്. കഴിഞ്ഞ രണ്ട് ട്രാൻസ്പോർട്ട് ചാർജ് വർദ്ധനവിലും വിദ്യാർത്ഥികളുടെ ചാർജ്ജിൽ മാറ്റം വരുത്തിയിട്ടില്ല. ഇതുകാരണം വമ്പിച്ച നഷ്ടം കെ.എസ്.ആർ.ടി.സി.-ക്ക് വരുന്നുണ്ട്. ഇതിലൂടെ ഏതാണ്ട് 199 കോടി രൂപയുടെ ബാധ്യത കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നു. അതുകൊണ്ടാണ് നേരത്തെ ബഹുമാനപ്പെട്ട തമ്പാനൂർ രവി എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ചെയ്യേണ്ടിയിരുന്നത് ചെയ്യാൻ പറ്റാതെ വന്നത്. കെ.എസ്.ആർ.ടി.സി.-യിൽ ഇന്നും സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർ, മറ്റ് സ്ഥാപനങ്ങളിൽ ഇടക്കാലാശ്വാസം കൊടുത്തു എന്നു പറഞ്ഞു. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ഒരു ഇടക്കാലാശ്വാസം കൊടുക്കാനുള്ള സാമ്പത്തിക സ്ഥിതി ഇപ്പോൾ ഇല്ല എന്ന് വളരെ ഖേദത്തോടുകൂടി അറിയിക്കട്ടെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 13 ശതമാനം ഡി.എ. കുടിശ്ശിക കൊടുക്കുകയുണ്ടായി. ഇനിയും ധാരാളം ഡി.എ. കുടിശ്ശിക ഉണ്ട്. തൽക്കാലം സാമ്പത്തിക ബുദ്ധിമുട്ടുകാരണം അതും പരിഗണിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മെമ്പറാണ് കെ.എസ്.ആർ.ടി.സി.-യിലെ ഐ.എൻ.ടി.യു.സി.യുടെ പ്രസിഡന്റ്. അദ്ദേഹം ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എനിക്ക് ഒരു നിവേദനം തരികയുണ്ടായി. ഞാൻ ഈ സഭയിൽ പറയട്ടെ, ഈ ശമ്പള പരിഷ്ക്കരണ കാലാവധി ഫെബ്രുവരി 28-ന് നാല് വർഷം തികയുകയാണ്. അടുത്ത മാസം മാർച്ച് ആദ്യവാരം കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കുമെന്ന് ഉറപ്പുനൽകുന്നു. കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കാൻ പോകുകയാണ്.

(13) 1-4-2005-ന് മുമ്പ് വൈദ്യുതി കണക്ഷൻ എടുത്ത എൽ. ടി. ഉപഭോക്താക്കളിൽ നിന്നും അധിക ഡെപ്പോസിറ്റ് വസൂലാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ജയരാജൻ: സർ, 1-4-2005-നു മുമ്പ് വൈദ്യുതി കണക്ഷൻ എടുത്ത എൽ.ടി. ഉപഭോക്താക്കളിൽ നിന്നും അധിക ഡെപ്പോസിറ്റ് തുക വസൂലാക്കി കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഊർജ്ജ വകുപ്പുമന്ത്രിക്ക് നിരവധി ഉപഭോക്താക്കൾ നൽകിയിട്ടുള്ള പെറ്റീഷനുകൾ കവറിംഗ് ലറ്ററോടുകൂടി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly